ഉത്തരം

(എ) നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും, ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ അസാപ് പ്രോഗ്രാമിന് 2012-13 വർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി, ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽ ക്ഷമത ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

(ബി) ഹയർ സെക്കണ്ടറി, ബിരുദ വിദ്യാർത്ഥികളുടെ റഗുലർ പഠനത്തോടൊപ്പം താൽപ്പര്യമുള്ള വ്യവസായ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവരസാങ്കേതികവിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖലയിലെ പരിശീലനം എന്നിവ നൽകി വരുന്നു. ഇതിനകം 1074 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു എംപവേർഡ് കമ്മിറ്റിയും, ജില്ലാതലത്തിൽ ഡിസ്ട്രിക്ട് പ്രോഗ്രാം മാനേജർമാരും സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട സർക്കാർ, എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലും, കോളേജുകളിലും പ്രോഗ്രാം മാനേജർമാർ ചാർജ്ജ് വഹിക്കുന്ന നൈപുണ്യ വികസന കേന്ദ്രങ്ങളിലും ഇവർക്ക് ഭരണപരമായ നിർദ്ദേശങ്ങളും അംഗീകാരവും നൽകുന്നതിന് ഒരു അസാപ് സെക്രട്ടറിയേറ്റും പ്രവർത്തിച്ചുവരുന്നു.

പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾ

78 (1154) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പുതുതായി ഈ വർഷം അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഓരോ ജില്ലയിലും ഹയർ സെക്കണ്ടറി പുതുതായി അനുവദിച്ച എത്ര സർക്കാർ സ്കൂളുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പുതുതായി ഹയർ സെക്കണ്ടറി അനുവദിച്ച സ്കൂളുകളിൽ എവിടെയൊക്കെയാണ് പിന്നീട് അഡീഷണൽ ബാച്ചുകൾ ആരംഭിച്ചത്; ഇത്തരത്തിൽ അഡീഷണൽ ബാച്ചുകൾ അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്ലസ് വൺ അഡ്മിഷനു ശേഷം ഏതെങ്കിലും സർക്കാർ സ്കൂളുകളിൽ സീറ്റുകൾ ഒഴിഞ്ഞു കിടപ്പുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്കൂളുകളിൽ; എത്ര സീറ്റുകൾ വീതം ഇനിയും കുട്ടികൾ എത്താനുണ്ടെന്ന് പറയാമോ;

(ഡി) പുതുതായി ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിച്ച സ്ഥാപനങ്ങളിൽ അദ്ധ്യാപക തസ്തികകൾ ഫിക്സ് ചെയ്ത് നൽകിയിയിട്ടുണ്ടോ; ഈ സ്കൂളുകളിൽ അദ്ധ്യാപനം നടത്തുന്ന ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് ശമ്പളം നല്കി വരുന്നുണ്ടോ ; തസ്തികകൾ ഫിക്സ് ചെയ്ത് സ്ഥിര നിയമനം നൽകുന്നതിനും ശമ്പളം നൽകുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഈ വർഷം സർക്കാർ മേഖലയിൽ പുതുതായി ഹയർ സെക്കന്ററി സ്കൂളുകളൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ ഓർഫനേജിനോട് ചേർന്ന് പ്രവർത്തിക്കുന്ന സ്കൂൾ എന്ന പരിഗണന നൽകി തിരുവനന്തപുരം പൂജപ്പുരയിലെ എസ്.എം.എസ്.എസ്. ഹിന്ദു മഹിളാ മന്ദിരത്തിനുകീഴിലുള്ള പിന്നാക്ക മെമ്മോറിയൽ ഗേൾസ് ഹൈസ്കൂളിൽ (എയ്ഡഡ്) ഹയർ സെക്കന്ററി അനുവദിച്ചു.

(ബി) ഈ വർഷം ഹയർ സെക്കന്ററി സ്കൂളുകളിൽ അഡീഷണൽ ബാച്ചുകൾ അനുവദിച്ചിട്ടില്ല.

(സി) വിവരം അനുബന്ധമായി ചേർക്കുന്നു.

(ഡി) പുതുതായി ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിച്ച സ്ഥാപനങ്ങളിലെ തസ്തിക നിർണ്ണയ നടപടികൾ പുരോഗമിച്ചുവരുന്നു. സർക്കാർ സ്കൂളുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് വേതനം നൽകാൻ ഉത്തരവായിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതനം നൽകുന്നതിനുള്ള നടപടികൾ 48404/ഗി2/2015/പൊ.വി.വ ഫയലിൽ സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ പുല്ലൂർ യു.പി. സ്കൂളിന്റെ അപ്ഗ്രഡേഷൻ

79 (1155) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.പി.ഐ.-യിൽ ഹയർ നീക്കത്തിന് അനാവശ്യമായ കാലതാമസം നേരിടുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly